**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1737** **08-12-2022 - ൽ മറുപടിയ്ക്ക്**

**ചെറായി ബീച്ചിലെ വഖഫ് ഭൂമിയുടെ കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ചെറായി ബീച്ചിലെ 404.76 ഏക്കർ സ്ഥലം കോഴിക്കോട് ഫറൂക്ക് കോളേജിന് വേണ്ടി വഖഫ് ചെയ്തത്ആരാണ്; വഖഫ് ചെയ്തതിന്റെ ഉദ്ദേശം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി, പള്ളിപ്പുറം എന്നീ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 404.76 ഏക്കർ സ്ഥലം കൊച്ചി കണയന്നൂർ താലൂക്ക് മട്ടാഞ്ചേരി വില്ലേജിൽ ബാബ്ലാശ്ശേരി ബംഗ്ലാവിൽ ഇരിക്കും കച്ചിമേമൻ മുസൽമാൻ ഹാജി ഹസ്സൻ സേട്ട് മകൻ മുഹമ്മദ് സിദ്ധീഖ് സേട്ട് എന്ന വ്യക്തി കോഴിക്കോട് ഫറൂഖ് കോളേജിനു വേണ്ടി ഇടപ്പള്ളി എസ്.ആർ.ഒ യിലെ 1950-ാം മാണ്ട് നവംബർ മാസം 1-ാം തീയതി 2115/1950-ാം നമ്പർ വഖഫ് ആധാരപ്രകാരം വഖഫ് ചെയ്തിട്ടുള്ളതാണ്. ടി കോളേജ് ഇസ്ലാമിക അദബുകൾ പ്രകാരം നടത്തുമെന്ന വിശ്വാസത്താൽ വാഖിഫിന്റെ ആത്മശാന്തിക്കായി വാഖിഫിനുള്ള സകല അവകാശങ്ങളുമൊഴിഞ്ഞ് വഖഫായി ടി മാനേജിംഗ് കമ്മിറ്റിക്ക് വേണ്ടി പാലക്കാട് താലൂക്ക് ഒലവക്കോട് അംശം ദേശത്ത് കല്ലടിയിൽ മുസൽമാൻ മൊയ്തു സാഹിബ് മകൻ ഖാൻ ബഹാദൂർ പി.കെ.ഉണ്ണിക്കമ്മു സാഹിബ് പേർക്ക് കൈവശപ്പെടുത്തി നല്കിയിട്ടുള്ളതാണ്. |
| (ബി) | ഇത് വഖഫ് ഭൂമിയാണെന്ന് ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ ഭൂമിയിൽ എത്ര കയ്യേറ്റക്കാരുണ്ട്; അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അളവും ആരാണ് കൈവശപ്പെടുത്തിയിരിക്കുന്നതെന്ന വിവരവും വ്യക്തമാക്കുമോ; | (സി) | വഖഫ് ബോർഡിൽ നിന്നും നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രാഥമിക അന്വേഷണത്തിൽ കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിൽ നിന്നും അടിസ്ഥാന നികുതി രജിസ്റ്റർ (Basic Tax Register) പരിശോധിച്ച് ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ 2 വില്ലേജുകളിലുമായി 800ൽപ്പരം |

| | | | |
|---|---|---|---|
| | | | കൈയ്യേറ്റക്കാരുടെ പേരും മേൽവിലാസവും ലഭിച്ചിട്ടുള്ളതാണെന്നും, വിശദമായ തുടർ അന്വേഷണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ എല്ലാ കൈവശക്കാരുടെയും പൂർണ്ണമായ വിവരങ്ങൾ ലഭിക്കുകയുള്ളൂവെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് നിസാർ ചെയർമാനും അഡ്വ. അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷൻ ഈ ഭൂമി വഖഫ് ഭൂമിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; | (ഡി) | ശ്രീ.എം.എ നിസാർ (റിട്ട:ജഡ്ജ്) ചെയർമാനും അഡ്വ. അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷന്റെ 26-06-2009 തീയതിയിലെ 15-ാമത് റിപ്പോർട്ട് പ്രകാരം അന്യാധീനപ്പെട്ട വഖഫ് വസ്തു തിരിച്ചു പിടിക്കുന്നതിനായി വഖഫ് റൂൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത വിഷയം ബോർഡിന്റെ ജുഡിഷ്യൽ വിഭാഗത്തിന്റെ പരിഗണനയിലാണ്. |
| (ഇ) | 2019-ൽ പ്രസ്തുത ഭൂമി തിരിച്ചു പിടിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ചിൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; | (ഇ) | പ്രസ്തുത വഖഫ് വസ്തു കൈയ്യേറ്റം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നോട്ടീസ് അയച്ച് കക്ഷികളെ വിചാരണ ചെയ്തുവരുന്നു. |
| (എഫ്) | കൈയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാനായി അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനം എടുത്തത് വഖഫ് യോഗ തീരുമാനമാണോ; പ്രസ്തുത തീരുമാനം മുഖ്യമന്ത്രിയുടെ തീരുമാനമാണ് എന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | പ്രസ്തുത വിഷയം സംബന്ധിച്ച് 20-07-2022 തീയതിയിൽ ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അന്യാധീനപ്പെട്ട പ്രസ്തുത ഭൂമി തിരിച്ചു പിടിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ, നികുതി അടയ്ക്കുന്നത് കേവലം fiscal exercise മാത്രമായതിനാലും ടൈറ്റിൽ അവകാശവുമായി അതിന് യാതൊരു ബന്ധവുമില്ലാത്തതിനാലും സർക്കാരിനു പിരിഞ്ഞു കിട്ടേണ്ട ഭൂനികുതിയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് വരാതിരിക്കുന്നതിനും വേണ്ടി താൽക്കാലികമായി കരം അടയ്ക്കുവാൻ അനുമതി നല്കി. ഭൂമി തിരിച്ചു പിടിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതുവരെ മാത്രമാണ് ഈ താൽക്കാലിക അനുമതി. കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ